**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 190** **27-01-2026 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി താലൂക്കാശുപത്രിയിൽ ദിവസേന ആയിരത്തിലധികം ഒ.പി.യും നൂറിലധികം ഐ.പി.യും ഉൾപ്പെടെ വലിയ തിരക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരക്കിന് അനുസൃതമായി അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ തിരക്ക് പരിഹരിക്കുന്നതിനായി പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ നിന്നും ഒരു ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എൻ.എച്ച്.എം മുഖാന്തരം 3 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ആർദ്രം മാനദണ്ഡ പ്രകാരം താലൂക്ക് ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി നടത്തി വരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 15.51 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പട്ടാമ്പി താലൂക്കാശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തി ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (ബി) | പട്ടാമ്പി താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ